# പതിമൂന്നാം കേരള നിയമസഭ
## പതിനാലാം സമ്മേളനം

നഗരസഭാ മാസ്റ്റർ പ്ലാൻ

**നക്ഷത്രചിഹ്നമിട്ട ചോദ്യം : *431     21.7.15- ൽ മറുപടി പറയേണ്ടത്.**

| | ചോദ്യം<br>ശ്രീ.ഐ.സി.ബാലകൃഷ്ണൻ,<br>**ശ്രീ.പി.എ.മാധവൻ,**<br>ശ്രീ.വി.പി.സജീന്ദ്രൻ | ഉത്തരം<br>**ശ്രീ.മഞ്ഞളാംകുഴി അലി,**<br>**നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി** |
|---|---|---|
| (എ) | നഗരസഭകൾക്ക് മാസ്റ്റർ പ്ലാൻ തയ്യാറാക്കാൻ പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; | ഉണ്ട്; നഗരസഭകൾക്ക് മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്നതിനായി 2008-09 – ൽ "Preparation of Master Plan & Detailed Town Plans" എന്ന സ്കീം ആവിഷ്കരിക്കുകയും ആയതിന്റെ ഘട്ടം– I ന് സ.ഉ (സാധ) നം.3982/2008/തസ്വഭവ തീയതി: 13-11-2008 പ്രകാരം സർക്കാർ ഭരണാനുമതി നൽകി പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. തുടർന്ന് സ.ഉ(സാധ) നം.2767/2009/തസ്വഭവ തീയതി: 24-10-2009 ഉത്തരവ് പ്രകാരം മേൽ സ്കീമിന് ആവശ്യമായ വിശദ മാർഗ്ഗരേഖകൾ പുറപ്പെടുവിച്ചിട്ടുണ്ട്. തുടർന്ന് 2012-2013 – ൽ മേൽ സ്കീമിന്റെ രണ്ടാം ഘട്ടത്തിനായി സ.ഉ(സാധ) നം.1376/2012/തസ്വഭവ തീയതി: 17-05-2012, സ.ഉ(സാധ).2664/2012/തസ്വഭവ തീയതി: 24-09-2012 എന്നീ ഉത്തരവുകൾ പ്രകാരം സർക്കാർ ഭരണാനുമതി നൽകുകയും ചെയ്തു. |

| | | |
|---|---|---|
| | | ആദ്യ ഘട്ടത്തിൽ 32 മാസ്റ്റർ പ്ലാനുകളും രണ്ടാം ഘട്ടത്തിൽ 29 മാസ്റ്റർ പ്ലാനുകളും (ഗ്രാമപഞ്ചായത്തുകൾക്കായുള്ള 2 മാസ്റ്റർ പ്ലാനുകൾക്ക് പുറമേ) തയ്യാറാക്കുന്നതിനായാണ് മേൽ സ്കീം വിഭാവനം ചെയ്തിരിക്കുന്നത്. ആദ്യ ഘട്ടത്തിൽ തയ്യാറാക്കി വന്ന 5 മാസ്റ്റർ പ്ലാനുകൾ സർക്കാർ അംഗീകരിക്കുകയും 12 പ്ലാനുകൾ പ്രസിദ്ധീകരിക്കുകയും ചെയ്തിട്ടുണ്ട്. |
| (ബി) | എന്തെല്ലാം ഉദ്ദേശലക്ഷ്യങ്ങളാണ് ഇതു മുഖേന കൈവരിക്കാനുദ്ദേശിക്കുന്നത്; | മേൽ പറഞ്ഞ രണ്ട് ഘട്ടങ്ങളും പൂർത്തീകരിക്കുന്ന മുറയ്ക്ക് സംസ്ഥാനത്തിലെ നിലവിലുള്ള എല്ലാ നഗരസഭകൾക്കും മാസ്റ്റർ പ്ലാനുകൾ നിലവിൽ വരുകയും അതുവഴി സംസ്ഥാനത്തെ എല്ലാ മുനിസിപ്പൽ പ്രദേശങ്ങളുടെയും ദീർഘകാല പരിപ്രേക്ഷ്യത്തോടെയുള്ള ആസൂത്രിത വികസനം സാധ്യമാവുക എന്നതാണ് ടി സ്കീമിന്റെ മുഖ്യ ലക്ഷ്യം. |
| (സി) | ആരെല്ലാമാണ് ഇതുമായി സഹകരിക്കുന്നത്; | നഗര-ഗ്രാമാസൂത്രണ നിയമപ്രകാരം മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്നത് അതത് നഗരസഭകളാണ്. ആയതിന്റെ സാങ്കേതിക ജോലികൾ നഗര-ഗ്രാമാസൂത്രണ വകുപ്പ് [ജില്ലാ കാര്യാലയവും, മുഖ്യനഗരാസൂത്രകന് (പ്ലാനിംഗ്) ന്റെ കാര്യാലയവും] നിർവ്വഹിച്ചു വരുന്നു. കൂടാതെ വിവിധ Stake Holder Consultations, ചർച്ചകൾ, സെമിനാറുകൾ, വികസന സെമിനാറുകൾ എന്നീ ഘട്ടങ്ങളിൽ Stake Holder വിവിധ സർക്കാർ വകുപ്പുകൾ /സ്ഥാപനങ്ങൾ, നഗരസഭാ ഉദ്യോഗസ്ഥർ, പ്രതിനിധികൾ എന്നിവരും ഇതുമായി സഹകരിക്കുന്നു. |

| | | |
|---|---|---|
| (ഡി) | ഇത് നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്? | ഇത് നടപ്പാക്കുന്നതിലേയ്ക്കായി മുഖ്യനഗരാസൂത്രകൻ (പ്ലാനിംഗ്) ന്റെ മേൽ നോട്ടത്തിൽ ഒരു Stake Holder Project Cell പ്രവർത്തിച്ചു വരുന്നു. കൂടാതെ സമയാ സമയങ്ങളിൽ മുഖ്യനഗരാസൂത്രകൻ (പ്ലാനിംഗ്) തലത്തിലും സർക്കാർ തലത്തിലും പ്രവർത്തന പുരോഗതി വിലയിരുത്തി വരുന്നു.<br><br>കൂടാതെ ടി സ്കീമിന്റെ നടത്തിപ്പിനായി സർക്കാർ സ.ഉ(സാധാ) നം..2766/2009/തസ്വഭവ തീയതി: 24-10-2009 ഉത്തരവു പ്രകാരം വിശദമായ മാർഗ്ഗരേഖകൾ പുറപ്പെടുവിക്കുകയും ചെയ്തിട്ടുണ്ട്. കൂടാതെ മാസ്റ്റർ പ്ലാനുകളുടെ സുഗമമായ രൂപീകരണത്തിനായി State Project Cell ന്റെ ആഭിമുഖ്യത്തിൽ കാലാകാലങ്ങളിൽ വിവിധ Hand outs, Toolkits, Guidelines എന്നിവ പുറപ്പെടുവിക്കുന്നു. |

സെക്ഷൻ ഓഫീസർ

അനുബന്ധം ലൈബ്രേറിയിൽ ലഭ്യമാണ്